# വടകര ബ്ലോക്ക് പഞ്ചായത്ത് കോഴിക്കോട്



# റീ–ബോൺ

# ഭിന്നശേഷി സമഗ്ര വികസന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.പി.ഒ.

# എന്തുകൊണ്ട്-റീബോൺ ?

വടകര ബ്ലോക്ക് പഞ്ചായത്ത് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന **State Institute of Mentally Challenged** സഹകരണത്തോടെ ബ്ലോക്ക് പരിധിയിലെ നാല്പഞ്ചായത്തുകളിലായി നടത്തിയ പ്രത്യേക ഭിന്നശേഷിപഠനത്തിലൂടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്

# പഠനം- കണ്ടെത്തലുകൾ



- 0 മുതൽ 40 വയസ്സുവരെയുള്ള വ്യക്തികളിലാണ് പഠനം നടത്തിയത് .
- 0 മുതൽ 18 വയസ്സുവരെയുള്ള 227പേർക്ക് മാനസിക വെല്ലുവിളികൾ നേരിടുന്നുണ്ട്.
- 18 വയസുമുതൽ 40 വയസുവരെയുള്ള 277പേർക്ക് മാനസിക വെല്ലുവിളികൾ നേരിടുന്നുണ്ട്.
- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും സമീപ പ്രദേശങ്ങളിലും ഏർലി-ഇൻറർവെൻഷൻ സെൻററുകൾ നിലവിലില്ല.



- ദൂര സ്ഥലങ്ങളിലേക്ക് യാത്രാ ബുദ്ധിമുട്ടും ,സാമ്പത്തിക പ്രശ്നങ്ങളും കാരണം എത്തിച്ചേരുവാൻ സാധിക്കുന്നില്ല.
- 18 വയസിനുമുകളിലുളളവരുടെ പുനരധിവാസത്തിനായി മേഖലയിൽ ഒരു തരത്തിലുളള ശാസ്ത്രീയ ഇടപെടലുകളും നടക്കുന്നില്ല.
- രക്ഷിതാക്കൾക്ക് കുട്ടികളുടെ പരിചരണവും , ജീവിത രീതികളും സംബന്ധിച്ച് പരിക്ഞാനം കുറവാണ്.
- രക്ഷിതാക്കൾക്ക് മാനസിക പിന്തുണ ലഭിക്കുന്നില്ല.

# പഠനം - നിർദ്ദേശങ്ങൾ

- ഏർലി ഇന്റർവെൻഷൻ ക്ലിനിക്ക് ആരംഭിക്കുക.
- കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിക്കുക
- സ്പീച്ച്, ഒക്യുപേഷണൽ , ഫിസിയോ തെറാപ്പികൾക്ക് പ്രാമുഖ്യം നൽകുക.
- രക്ഷിതാക്കൾക്കായി പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കുക ഒപ്പം കൂട്ടായ്മ രൂപപ്പെടുത്തുക.

- 18 വയസിനുമുകളിലുള്ളവർക്കായി തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുക
- അങ്കണവാടി, ആശവർക്കർമാർക്ക് ഡിസബിലിറ്റി മാനേജ്മെന്റുമായി ബന്ധപ്പെട്ട് തുടർച്ചയായി പരിശീലനം നൽകുക.


മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചാലഞ്ച്ഡ്
അന്വേഷണം
പഞ്ചായത്ത്
C.K




ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചാലഞ്ച്ഡ്
ക്യാമ്പ്
പഞ്ചായത്ത്
C.K










PSYCHOLOGICAL
ASSESSMENT


EMPLOYMENT REGISTRATION




വടകര ബ്ലോക്ക് പഞ്ചായത്ത്



# ലക്ഷ്യങ്ങൾ



- ഏർലി ഇന്റർവെൻഷനിലൂടെ(വൈകല്യ നിർണ്ണയം ,ചികിത്സ) ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരുടെ പുനരധിവാസം എളുപ്പമാക്കുക.
- മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ശേഷിക്കനുശ്രുതമായി തൊഴിൽ പരിശീലനം നൽകുക വഴി സ്വയം പര്യാപ്തതയിലേക്കുള്ള വഴിയൊരുക്കുക.
- വിവിധ തരത്തിലുള്ള വൈകല്യങ്ങൾ നേരിടുന്ന വ്യക്തികൾക്ക് ശാസ്ത്രീയ മായരീതിയിൽ ശ്രദ്ധയും പരിചരണവും നൽകാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുക.
- കുട്ടികളുടേയും രക്ഷിതാക്കളുടെയും മാനസിക ഉല്ലാസം ഉറപ്പുവരുത്തുക.

# 1.പീഡിയാട്രിക്ക് തെറാപ്പി സെൻ്റർ.

- വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായി സ്ക്രീനിംങ്ങ് നട
ത്തുക
- ആവശ്യാനുസരണം തെറാപ്പി സേവനം ലഭ്യമാക്കുക
- ശാസ്ത്രീയ പരിചരണത്തിന് രക്ഷിതാക്കളെ പ്രാപ്തരാക്കുക

# ലഭ്യമായ സേവനങ്ങൾ

- ബിഹേവിയറൽ തെറാപ്പി
- ഏർലി ഇന്റർവെൻഷണൽ സ്ക്രീനിംങ്.
- സ്പീച്ച് തെറാപ്പി
- ഫിസിയോ തെറാപ്പി
- ഒക്യൂപേഷൻ തെറാപ്പി

# ഗുണഭോക്താക്കൾ

- പ്രായപരിധി – 0 മുതൽ 13 വയസ്സുവരെ
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ
- പഠനവൈകല്യം അനുഭവിക്കുന്നവർ
- സംസാരവൈകല്യം അനുഭവിക്കുന്നവർ
- ഓട്ടിസം
- ബഹുവിധ വൈകല്യം അനുഭവിക്കുന്നവർ
- സെറിബ്രൽ പാൾസി



# ഭൗതിക സാഹചര്യം

- സി.എച്ച്.സിയോടനുബന്ധിച്ച് പ്രത്യേകം സജ്ജീകരിച്ച കെട്ടിടത്തിൽ
- പ്രത്യേക ഫർണിച്ചറുകൾ
- പഠനോപകരണങ്ങൾ
- തെറാപ്പി മെറ്റീരിയൽസ്

# ജീവനക്കാർ

- ഫിസിയോതെറാപ്പിസ്റ്റ് –1
- സ്പീച്ച് തെറാപ്പിസ്റ്റ് –1
- ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് –1
- സ്പെഷൽ എജ്യുക്കേറ്റർ-1













# സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| പഠനോപകരണങ്ങൾ, തെറാപ്പി ഉപകരങ്ങൾ | 1,00,000 |
| ഫർണിച്ചർ | 100000 |
| തെറാപ്പിസ്റ്റുകളുടെ വേതനം | 1000 രൂപ/ 1 സിറ്റിംഗ് 12 മാസത്തേക്ക് 576000 |
| | |

# പദ്ധതി നേട്ടം

| പരിപാടികൾ | പങ്കെടുത്ത ആളുകളുടെ എണ്ണം |
|---|---|
| ആകെ രജിസ്റ്റർ ചെയ്തവർ | 51 |
| റീബോൺ അസ്സസ്സ്മെന്റ് ക്യാമ്പ് | 60 |
| തെറാപ്പിക്ക് വരുന്നവർ | 22 |
| ഡിസ്ച്ചാർജ്ഡ് കേസുകൾ | 8 |
| രക്ഷിതാക്കൾക്ക് വേണ്ടിയുള്ള ട്രെയിനിംഗ് പരിപാടികൾ (10 എണ്ണം) | 228 |

# 2.വൊക്കേഷണൽ ട്രയിനിങ്ങ് സെന്റർ

ബ്ലോക്ക് പരിധിയിലുള്ള 18 വയസ്സിന് മുകളിലുള്ള മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ ഉൾപ്പെടുത്തി അവരിൽ ഓരോരുത്തരിലുമുള്ള ശേഷിക്കൾക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി തൊഴിൽ നേടാൻ സഹായിക്കുന്നു.

തെരഞ്ഞെടുക്കപെടുന്ന വ്യക്തികളെ സ്വയം പര്യാപ്തരാക്കുന്നതിനു വേണ്ടി ആശയവിനിമയം ,സാമൂഹിക ഇടപെടൽ പൊതുഗതാഗതം ഉപയോഗപ്പെടുത്തൽ എന്നീ മേഖലകളിലും ശ്രദ്ധചെലുത്തുന്നു.

# പരിശീലനം നൽകിവരുന്ന മേഖലകൾ

- ഓഫീസ് മേനേജ്മെന്റ്
- കമ്പ്യൂട്ടർ ഡാറ്റഎൻട്രി
- തയ്യൽ പരിശീലനം
- കരകൗശല വസ്തുക്കളുടെ നിർമ്മാണം
- പൂച്ചെട്ടി നിർമ്മാണം
- സോപ്പ്/ ഹാന്റ് വാഷ് നിർമ്മാണം
- പാചക പരിശീലനം
- സപ്ലയർ
- സെയിൽസ് മെൻ

- 18വയസ്സിന് മുകളിലുള്ള 24 പേരാണ് നിലവിൽ പഠിതാക്കൾ.
- ഒരു വർഷം നീണ്ട നിൽക്കുന്ന കോഴ്സിൽ വ്യത്യസ്ഥങ്ങളായ ട്രെയ്ഡുകളിൽ പരിശീലനം നൽകുന്നു. .
- രാവിലെ വീട്ടിൽ നിന്നും വാഹനത്തിൽ എത്തിച്ച് വൈകീട്ട് വീട്ടിൽ എത്തിക്കുന്നതുവരെ ഉള്ള മുഴുവൻ ചിലവുകളും പ്രോജക്ട്, സ്പോൺസർമാർ തുടങ്ങിയവരിൽ നിന്നും കണ്ടെത്തുന്നു.
- ഓൺ ദ ജോബ് ട്രെയിനിംഗിന് മുൻഗണന.
- വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് നൽകുന്നു.

# പദ്ധതി നടത്തിപ്പ്

ഭൗതിക സാഹചര്യം

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുളള പ്രത്യേകം തയ്യാറാക്കിയ കെട്ടിടത്തിൽ

- ഭിന്നശേഷി സൗഹൃദം
- ഫർണിച്ചർ, പാത്രങ്ങൾ
- പഠനോപകരണങ്ങൾ

ജീവനകാര്യം

- വോക്കേഷണൽ ട്രെയ്നിംങ്ങ് ഡിപ്ലോമ/സ്പെഷൽ എജുക്കേഷൻ ഡിപ്ലോമ യോഗ്യതയുളള തൊഴിൽ പരിശീലകർ –2
- ആയ –1
- കുക്ക് –1

- കുട്ടികളുടെ ശാരീരിക ആരോഗ്യത്തിന് അനിയോജ്യമായ രീതിയിലുള്ള പഴം, പച്ചക്കറികൾ ,മത്സ്യമാംസാദികൾ ഉൾപ്പെടുത്തിയുള്ള ഭക്ഷണക്രമം.
- മാനസിക സന്തോഷത്തിനായുള്ള കലോത്സവങ്ങൾ, മറ്റ് ആഘോഷ പരിപാടികൾ
- രക്ഷിതാക്കൾക്കായുള്ള പ്രത്യേക പരിശീലന പരിപാടികൾ .

# സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| വോക്കേഷണൽ ട്രേയ്നർമാരുടെ ഹോണറേറിയം | 20,000 പ്രതിമാസം |
| ആയ, കുക്ക് എന്നിവരുടെ ഹോണറേറിയം | 450/ ദിവസ വേതനം |
| പഠന ഉപകരണങ്ങൾ | 1,00,000 |
| ഫർണിച്ചർ | 50,000 |
| അടുക്കള ഉപകരണങ്ങൾ | 50,000 |
| വണ്ടി വാടക | ( 25 രുപ-/- പർ കി.മി)<br>33,000 രൂപ |
| ഭക്ഷണം | 1,00,000 രൂപ |

# ഒരു ദിവസത്തെ പ്രവർത്തനങ്ങൾ

- രാവിലെ 10 മണിക്ക് പ്രാർത്ഥന
- യോഗാ പരിശീലനം 10 .10 മുതൽ 11
- ചായ ഇടവേള 11 – 11.15
- സ്കിൽഡെവലപ്പ്മെന്റ് ആക്റ്റിവിറ്റി 11.30–12.15
- ഉച്ചഭക്ഷണം 1–2
- ജോബ് ട്രയിനിംങ്– 2–4

# പദ്ധതി നേട്ടം

| പ്രവർത്തനം | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|
| അസസ്സ് മെന്റ് ക്യാമ്പ് | 58 |
| ഗുണഭോക്താക്കളുടെ എണ്ണം | 24 |
| വിനോദ യാത്ര | 24 |
| കലോത്സവം | 250 |

# പദ്ധതിയുടെ പ്രസക്തി

- വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയുന്നതിന് ശാസ്ത്രീയമായി ഇടപ്പെടുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയതിലൂടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ അവസ്ഥയിൽ നല്ലരീതിയിൽ മാറ്റം കൊണ്ടുവരുന്നതിനും അതിനോടൊപ്പം തന്നെ ഇത്തരത്തിലുള്ള കുട്ടികൾക്ക് ശാസ്ത്രീയമായി ശ്രദ്ധയും പരിചരണവും നല്കുന്നതിനും രക്ഷിതാക്കളെ പ്രാപ്തരാക്കാൻ സാധിച്ചു. അതുവഴി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ പുനരധിവാസം എളുപ്പമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സഹായകമാകുന്നു.
- ഭിന്നശേഷിക്കാരായ ഓരോ വ്യക്തിയും വ്യത്യസ്തമായ ശേഷിയുള്ളവരാണ്. ഓരോ വ്യക്തിയിലും ഇത്തരത്തിലുള്ള ശേഷികൾ പരിപോഷിപ്പിച്ചുകൊണ്ട് തൊഴിൽ പരിശീലനം നല്കുന്നത് വഴി അവരെ സ്വയം പ്രാപ്തരാക്കാൻ സാധിക്കുന്നു.





വടകര ബ്ലോക്ക് പഞ്ചായത്ത്
നാലാം വാർഷികാഘോഷം
നൂതന പദ്ധതി
ജൈവസമൃദ്ധി
അഡ്വ. കെ. രാജു
കേന്ദ്രം





SHOT ON MI A3
AI TRIPLE CAMERA


BREAK THE CHAIN
RE BORN
SHOT ON MI A3


AI TRIPLE CAMERA








AMANI
HOT ON MI A3
TRIPLE CAMERA


WELCOME


HOT ON MI A3
TRIPLE CAMERA




വടകര ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം



മടിത്തട്ട്
വയോജനോത്സവം
കലാപരിപാടികൾ


വടകര ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം
വടകര ബ്ലോക്ക് പഞ്ചായത്ത്
'റീബോൺ'
ഭിന്നശേഷി സമഗ്ര വികസന പദ്ധതി. 2019-2020
'സ്നേഹായനം' വിനോദയാത്ര
MOVING TO MAINSTREAM